സരസ്വതി

മാധവിക്കുട്ടിയും ഞാനും പിന്നെയാ നാടകവും

ജിഷ അഭിനയ jishaabhinaya@gmail.com

'സാക്ഷാൽ മാധവിക്കുട്ടി, മുന്നിൽ ഇങ്ങനെ നിറഞ്ഞ് നിൽക്കാണ്... അതേ സാരിയും കല്ലുവച്ച മൂക്കുത്തിയും... അന്നേവരെ അക്ഷരങ്ങളിൽ മാത്രം കണ്ടറിഞ്ഞ ഒരാളെ നേരിൽ കാണുന്ന ആഹ്ലാദം... അമ്പരപ്പ്. മാധവിക്കുട്ടി എഴുതിയ 'മാധവി വർമ്മ' നാടകം കാണാൻ റിഹേഴ്സൽ ക്യാമ്പിലെത്തിയതാണ് അവർ. പിന്നെ മറ്റൊന്നും നോക്കിയില്ല. തകർത്ത് അഭിനയിച്ചു. നാടകാവസാനം അവർ വന്ന് അഭിനന്ദിച്ചു. ഏത് അവാർഡിനേക്കാൾ ഓർമയിൽ ചേർത്തുവയ്ക്കുന്ന ഒന്ന്.' കണ്ണൂർ പള്ളിക്കുന്ന് സ്വദേശി സരസ്വതിയുടെ വാക്കുകൾ ആഹ്ലാദത്താൽ നിറയുന്നു.

ഇതൊരു 70 കാരിയുടെ വിജയകഥയാണ്. കണ്ണൂർ സരസ്വതിയെന്ന കലാകാരിയുടെ, അരങ്ങിലും ജീവിതത്തിലും പോരാടി നേടിയ വിജയകഥ. അയ്യായിരത്തിലേറെ നാടകങ്ങളിൽ അഭിനയിച്ച് ജീവിതസായന്തനത്തിൽ എല്ലാം ഒരു കഥപോലെയെന്ന പോൽ ഓർമിച്ചെടുക്കുന്നു.

15 രൂപയിൽ തുടങ്ങിയ പ്രതിഫലം ഇന്ന് 2,500 വരെയായി ലഭിച്ചുവെന്ന് പറയുമ്പോൾ അവർ ഒന്ന് മാത്രം കൂട്ടിച്ചേർക്കുന്നു. 'നെയ്ത്തുതൊഴിലാളിയുടെ മകൾക്ക് സ്വപ്നങ്ങളില്ലായിരുന്ന കാലമുണ്ടായിരുന്നു. അതിൽ നിന്നെല്ലാം ഇന്നീക്കാണുന്ന അവസ്ഥയിലേക്കെന്നെ കൊണ്ടുവന്നത് നാടകം മാത്രമാണ്. വീട്ടിൽ ഞാൻ മൂത്ത മകളായിരുന്നു. ഇളയത് മൂന്ന് ആൺകുട്ടികൾ. സാമ്പത്തിക അവസ്ഥ വളരെ മോശം. ഒരിക്കൽ നെയ്ത്ത് തൊഴിലാളികൾ ചേർന്ന് നാടകം കളിക്കാൻ തീരുമാനിച്ചു. ഞാനാണെങ്കിലും പാട്ടിലും നാടകത്തിലും പണ്ടേ കമ്പമുള്ളയാൾ. അവർ അച്ഛനോട് എന്നെ നാടകത്തിന് വിടാമോയെന്ന് ചോദിച്ചു. അങ്ങനെ ഞാൻ അരങ്ങിലെത്തി. സി എൽ ജോസിന്റെ നാടകമായിരുന്നു അത്.

പണ്ട് സ്കൂൾ നാടകത്തിൽ മലയാളം അധ്യാപകൻ ശിരോമണി മാഷ് എന്നെ 'ഹിരോഷിമ' എന്ന നാടകത്തിൽ കളിക്കാൻ വിളിച്ചിരുന്നു. നാടകത്തിൽ ഞാൻ മികച്ച നടിയായി. ആ ധൈര്യത്തിലാണ് നാടകം കളിക്കാൻ തയ്യാറായത്. പക്ഷേ അക്കാലത്ത് സമുദായത്തിൽനിന്ന് നിരവധി എതിർപ്പുകൾ ഉണ്ടായി. 'കുടുംബത്തിൽ പിറന്നവർ' നാടകം കളിക്കോന്നായിരുന്നു ചോദ്യം. പക്ഷേ വീട്ടിലുള്ളവർക്ക് വയർ നിറയണമെങ്കിൽ നമ്മൾതന്നെ അധ്വാനിക്കണ്ടേ. ഒന്നും കണ്ടില്ലെന്നും കേട്ടില്ലെന്നും നടിച്ച് നാടകം തുടർന്നു.

23–ാം വയസ്സിൽ കവിയൂർ രാഘവനുമായുള്ള വിവാഹം. തുടർന്നും നാടകദിനങ്ങൾ. വീട്ടിൽ ഇരിക്കാൻ സമയമില്ലാത്തപോലെ ഓടി നടന്നു. ഒരു ദിവസം തന്നെ ഒന്നിലധികം അവതരണങ്ങൾ. മനസ്സ് നിറഞ്ഞ് അഭിനയിച്ച കാലം. സ്വന്തം ആരോഗ്യമൊന്നും അക്കാലത്ത് ഓർമിക്കില്ല. കണ്ണൂർ സംഘചേതനയുടെ 'സഖാവ്' നാടകവും മികച്ച ഓർമകളാണ്. സരസ്വതി പറയുന്നു.

കണ്ണൂർ സംഘചേതനയുടെ 'ചരിത്രം അവസാനിക്കുന്നില്ല', കോഴിക്കോട് സങ്കീർത്തനയുടെ 'വൈദ്യഗ്രാമം' തുടങ്ങിയ നാടകങ്ങളിലൂടെ സംഗീതനാടകഅക്കാദമിയുടെ പ്രൊഫഷണൽ നാടകത്തിൽ മികച്ച നടിയായി തെരഞ്ഞെടുക്കപ്പെട്ടു. 2008 ൽ ഗുരുപൂജ അവാർഡിനും അർഹയായി. 2018ൽ നാടകരംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള സാവിത്രി ഫുലേ നാഷണൽ അവാർഡും ലഭിച്ചിട്ടുണ്ട്. കണ്ണൂർ ആകാശവാണിയിൽ എ ഗ്രേഡ് ആർട്ടിസ്റ്റാണ്. നിരവധി ഷോർട്ട് ഫിലിമുകളിലും അഭിനയിച്ചിട്ടുണ്ട്. ചായില്യം, അമീബ, ക്യാമ്പസ് ഡയറി, ഹംസം തുടങ്ങി ആറ് സിനിമയിൽ അഭിനയിച്ചു. വരുന്ന രണ്ട് സിനിമകളിൽ അഭിനയിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്.

'അയ്യായിരത്തിലേറെ നാടകങ്ങൾ. എത്ര വേദികൾ എന്ന് പറയാനാകില്ല. ഇപ്പോൾ പ്രഷറും ഷുഗറും എല്ലാമായി. ഭർത്താവിനും വയ്യ. അവാർഡുകളുടെ

സരസ്വതി അരങ്ങിൽ

പട്ടിക വലുതാണ്. പക്ഷേ ആകെ കിട്ടുന്നത് 1,600 രൂപ അവശകലാകാര പെൻഷൻ. അതുകൊണ്ടാണ് മരുന്നും ജീവിതവും തള്ളി നീക്കുന്നത്. നാടകം കളിച്ചുകിട്ടിയ പണംകൊണ്ട് വീട് വച്ചു. രണ്ടുപെൺമക്കളെ വിവാഹം കഴിച്ചയച്ചു. നാടകക്കാരുടെ ജീവിതമെന്നാൽ ഇത്രയൊക്കെയേയുള്ളൂ. ആരോഗ്യമുള്ള കാലത്ത് അഭിനയിക്കുക, വയ്യാതായാൽ പിന്നെ കഷ്ടപ്പാട് മാത്രം... കോവിഡ് കാലംവരെ നിരവധി അവസരം ലഭിച്ചിരുന്നു. പിന്നീട് വേദികൾ കുറഞ്ഞു.

ഇപ്പോൾ വീണ്ടും നാടകം കളിക്കാൻ ക്ഷണം ലഭിക്കുന്നുണ്ട്. ആരോഗ്യം അനുവദിക്കുംപോലെ ഞാനെത്തും...' ഇതൊരു കലാകാരിയുടെ ഉറപ്പാണ്. അരങ്ങ് നൽകുന്ന ഉറപ്പ്.

ആദി കുട നിർമാണ യൂണിറ്റ്
ഫോട്ടോ: പി ദിലീപ്കുമാർ

കുട നിവർത്തുന്ന ആറളം

മനോഹരൻ കൈതപ്രം
manoharankaithapram@gmail.com

കളമശേരിയിലെ സംസ്ഥാന മൈക്രോ എന്റർപ്രൈസസ് കോൺക്ലേവാണ് വേദി. ഏപ്രിൽ 22. സംസാരിക്കുന്നത് കണ്ണൂർ ജില്ലയിലെ ചെറുകിട കുടുംബശ്രീ സംരംഭകരെ പ്രതിനിധാനംചെയ്ത് ആറളം ഫാം ആദിവാസി മേഖലയിലെ 'ലോട്ടസ് ടീം ലീഡർ വി ആർ സുനിത.

'ഇത്തരമൊരു വേദിയിലെത്തി വിജയത്തിന്റെ ജീവിതകഥ പറയാൻ അവസരം കിട്ടുമെന്ന് ഒരിക്കലും കരുതിയതല്ല. ആറളം ഫാമിൽ ജില്ലാ കുടുംബശ്രീ മിഷൻ പ്രത്യേക പട്ടികവർഗ പദ്ധതിയിൽ മൂന്നുവർഷംമുമ്പാണ് ഞങ്ങൾക്കൊരു സംരംഭം തുടങ്ങാൻ അവസരമൊരുക്കിയത്. ഞങ്ങൾ ആ നിർദേശം ഏറെ ആശങ്കകളോടെ ഏറ്റെടുത്തു. മൂന്നാംവർഷം സംസ്ഥാനത്തെ മികച്ച വനിതാ സംരംഭകരായ ഈ 10 പേർക്കൊപ്പം കേരളത്തോളം ഉയരെ എത്താൻ ഞങ്ങൾക്കും സാധിച്ചതിൽ ഏറെ അഭിമാനമുണ്ട്. കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷനോട് ഞങ്ങളുടെ സംരംഭം ഏറെ കടപ്പെട്ടിരിക്കുന്നു. അവസരം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയണമെന്നാണ് ഞങ്ങളുടെ അനുഭവപാഠം'.

ബ്ലോക്ക്-7ലെ ഒരു വീട്

മഴയെത്തുംമുമ്പേ തങ്ങൾക്ക് നിശ്ചയിച്ച എണ്ണത്തിലുള്ള കുടകൾ തുന്നിയെടുക്കാനുള്ള ഒരുക്കങ്ങളിലാണ് ഈ പെണ്ണുങ്ങൾ. നല്ല ജോലിത്തിരക്കിലാണ് ഇവർ. കണ്ണൂർ ജില്ലയിലെ ആറളം ഫാം ആദിവാസി പുനരധിവാസകേന്ദ്രം ഇല്ലായ്മകളുടെയും ജീവിത ദുരിതങ്ങളുടെയും വാർത്തകളാൽ നിറയുന്ന മാധ്യമശ്രദ്ധ നേടിയ ഇടമാണെങ്കിൽ ജില്ലാ കുടുംബശ്രീ മിഷനു മുന്നിൽ ആറളം ഫാമിലെ വനിതകൾ സംരംഭത്തിന്റെ ഊർജസ്രോതസ്സാണ്. മൂന്നുവർഷംമുമ്പാണ് കുടുംബശ്രീ ജില്ലാ മിഷൻ ആറളം ഫാം ആദിവാസി മേഖലയിൽ തൊഴിൽ സംരംഭം എന്നനിലയിൽ ആദി കുട നിർമാണ യൂണിറ്റ് ആരംഭിച്ചത്. തുടക്കത്തിൽ 10 വനിതകളാണ് കുട നിർമാണത്തിൽ പരിശീലനം നേടിയത്.

ജില്ലാ മിഷൻ നേതൃത്വത്തിൽ മികച്ച പരിശീലകരെ ഫാമിൽ എത്തിച്ചാണ് കുട നിർമിക്കാൻ ആദിവാസി വനിതകളെ പ്രാപ്തരാക്കിയത്. ജില്ലാ മിഷൻ നൽകിയ അഞ്ചുലക്ഷം രൂപയായിരുന്നു മൂലധനം. പിന്നിട് ജില്ലാ പഞ്ചായത്ത് 10 ലക്ഷം രൂപകൂടി റിവോൾവിങ് ഫണ്ട് അടിസ്ഥാനത്തിൽ പലിശരഹിത വായ്പയായി നൽകിയതോടെ മൂലധനം അടിത്തറ വികസിച്ചു. കുട നിർമാണത്തിനുള്ള സാമഗ്രികൾ വാങ്ങാൻ ഈ പണം ഉപയോഗിക്കുകയും റിവോൾവിങ് ഫണ്ട് അതേ മട്ടിൽ ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്യുന്ന വിജയകഥകൂടിയുണ്ട് ഇവർക്ക്.

രണ്ടാംവർഷവും പരിശീലനം തുടർന്നു. മൂന്നാംവർഷം എത്തിയതോടെ കുട നിർമിതിയിൽ ആദി കുട നിർമാതാക്കൾക്ക് മികച്ച കരവിരുത് നേടാനായി. ആദ്യവർഷം മൂവായിരവും കഴിഞ്ഞകൊല്ലം ആറായിരത്തഞ്ഞൂറും കുട നിർമിച്ച് വിറ്റഴിച്ച് സ്വന്തം ബ്രാൻഡും വിലാസവും വിപണിയിൽ ഉറപ്പിച്ചു. ഇക്കൊല്ലം 10,000 കുട മൺസൂൺകാലവിൽപ്പന ലക്ഷ്യമാക്കി ആറളത്തുനിന്ന് ഏഴഴകോടെ വിപണിയിൽ എത്തും. ജില്ലയിലെ 81 സിഡിഎസ് മുഖേനയാണ് ആദി കുടകളുടെ വിൽപ്പന.

വി ആർ സുനിത

നിർമാതാക്കളിൽനിന്ന് മാസ്റ്റർ ട്രെയിനർമാരിലേക്ക്

കുട നിർമാണം പദ്ധതിയായി ഏറ്റെടുക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്കും സംരംഭകർക്കും പരിശീലനം നൽകുന്ന മാസ്റ്റർ ട്രെയിനർമാർ കൂടിയാണ് ആദി കുട നിർമാണ യൂണിറ്റ് സംരംഭകർ. ഇരിട്ടി നഗരസഭയുടെ 'വർണം' കുടുംബശ്രീ കുട നിർമാതാക്കളായ വനിതകളെ കുട നിർമിക്കാൻ പരിശീലിപ്പിച്ചതും മഹാരാഷ്ട്രയിൽനിന്ന് ആറളം ഫാമിൽ എത്തിയ കന്യാസ്ത്രീ സംരംഭകരെ കുട നിർമിക്കാൻ പ്രാപ്തരാക്കിയതും കുടുംബശ്രീ ജില്ലാ മിഷൻ ആറളം പട്ടികവർഗ പ്രത്യേക പദ്ധതിയിലെ ഈ വനിതാസംഘം.

ഒരുങ്ങുന്നത് മുമ്മടക്ക് കുടകൾ

ത്രീ ഫോൾഡ്(മുമ്മടക്ക്) കുടകളാണ് ഇത്തവണ തയ്യാറാകുന്നത്. ബ്ലോക്ക് ഏഴ്, ഒമ്പത്, 11 എന്നീ കേന്ദ്രങ്ങളിലായി 60 വനിതകളാണ് കുട നിർമാണത്തിൽ വിവിധ വീടുകൾ കേന്ദ്രീകരിച്ച് പണിപ്പുരയിലുള്ളത്. നിർമാണം ദിവസങ്ങൾക്കകം പൂർത്തിയാകും. രണ്ട്, അഞ്ച് മടക്കുകളുള്ള കുടകൾ, കാലൻകുട എന്നീ ഇനങ്ങൾ ഇത്തവണ നിർമിക്കുന്നില്ല. ആവശ്യത്തിന് മേന്മയേറിയ സാമഗ്രികൾ വിപണിയിൽ കിട്ടാത്തതാണ് തടസ്സമെന്ന് ആറളം പട്ടികവർഗ പ്രത്യേക പദ്ധതി കോ–ഓർഡിനേറ്റർ പി സനൂപ് പറഞ്ഞു. പഞ്ഞമാസത്തിലെ വറുതിയിൽ ആറളത്തെ കുറച്ചെങ്കിലും ആദിവാസി കുടുംബങ്ങളെ പിടിച്ചുനിൽക്കാൻ പ്രാപ്തമാക്കുകയായിരുന്നു ആദി എന്ന ഈ വേറിട്ട സംരംഭംവഴി ലക്ഷ്യമിട്ടതെന്ന് കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ ഡോ. എം സുർജിത് പറഞ്ഞു. മാർക്കറ്റിലെ മറ്റ് കുത്തക ബ്രാൻഡുകളോട് മത്സരിച്ച് പൊരുതി മുന്നേറാൻ പ്രാപ്തമാക്കുകയാണ് അടുത്ത പ്രധാനം ലക്ഷ്യം.

നിളയും ലോട്ടസും

ആദി യൂണിറ്റിന് രണ്ട് ഘടകമുണ്ട്. നില, ലോട്ടസ് എന്നിവ. സി കെ സിനിയാണ് ലോട്ടസിന്റെ ടീം ലീഡർ. വി ആർ സുനിത നിളയെ നയിക്കുന്നു. 200 പേർക്ക് ഇരുന്ന് കുട നിർമിക്കാനും സൂക്ഷിക്കാനും സൗകര്യങ്ങളുള്ള അപ്പാരൽ പാർക്ക് കേന്ദ്രം പണിത് കിട്ടണമെന്നാണ് സംരംഭകരുടെ ആഗ്രഹം.

വായന

ഒരാൾക്കുമാത്രം നിശ്ശബ്ദയാകാൻ കഴിയില്ല

ഡോ. ജെസി നാരായണൻ

തെമിസ്
എ എം ബഷീർ
നോവൽ
കറന്റ് ബുക്സ്
വില: 450 രൂപ

നിങ്ങൾ ഇത്രയുംകാലം അവളെ അന്വേഷിക്കുകയായിരുന്നില്ലേ? വർഷങ്ങൾക്കുമുമ്പ് നമ്മുടെയെല്ലാം ഉറക്കം കെടുത്തിയ പ്രമാദമായ പീഡനക്കേസിലെ പേരില്ലാത്ത പെൺകുട്ടി. കേസും കോടതിയുമായി കാലം കുറെ മുന്നോട്ടുപോയി. ഒടുവിൽ എല്ലാ പ്രതികളെയും വെറുതെവിട്ട താ യുള്ള കോടതിവിധി വന്നപ്പോൾ കുറെ പുകിലുകളുണ്ടായി. താമസിയാതെ അതെല്ലാം കെട്ടടങ്ങി. കാലം എത്രകഴിഞ്ഞാലും ഒരാൾക്കുമാത്രം നിശ്ശബ്ദമായിരിക്കാൻ കഴിയില്ല. ഉറ്റവരും ഉടയവരും സാമൂഹ്യസേവനക്കാരും രക്ഷാകവചമായി നിന്ന മീഡിയയുമെല്ലാം അകന്നകന്നുപോയപ്പോൾ പ്രതിഷേധത്തിന്റെയും പ്രതികാരത്തിന്റെയും നിശ്ശബ്ദ വേദനകളുമായി ജീവിച്ച 'അവൾ'ക്കുമാത്രം.

നമുക്ക് സുപരിചിതമായ ആ പീഡനക്കേസിലെ ഓരോ സംഭവവും അതിലെ മനുഷ്യരും കഥയായിത്തീർന്നതാണ് എ എം ബഷീറിന്റെ 'തെമിസ്.' നിയമങ്ങൾക്കുള്ളിലെ പഴുതുകളെ തുറന്നടിച്ചുകൊണ്ട് സാധാരണക്കാർക്ക് നീതി അപ്രാപ്യമാക്കുന്ന വ്യവസ്ഥകളെ വിസ്തരിക്കുന്നു. ഒരു ഭീകരവേട്ടയിലെ ഇരയുടെ നോവും നൊമ്പരവും ഭയപ്പെടുത്തുന്ന ഓർമകളും അനുഭവതീവ്രതയും പങ്കുവയ്ക്കുന്നു, 'തെമിസ്'. ഒരു കുറ്റാന്വേഷണ നോവലിന്റെ പ്രതീതിയുളവാക്കുന്നുണ്ടെങ്കിലും ഒരു കുറ്റവിചാരണ കഥയാണ്. സ്മാർട്ട്ഫോണുകൾക്ക് മുമ്പും പിമ്പും എന്ന് നോവലുകളുടെ കാലഘട്ടം രണ്ടായി തിരിഞ്ഞിരിക്കുന്നു. തെമിസിന്റെ തുടക്കത്തിൽ ചിത്രീകരിച്ചിട്ടുള്ള എസ് കെപിയുടെ കൊലപാതകം സാങ്കേതികതയുടെ അവിശ്വസനീയമായ സാധ്യതയെ മുതലെടുത്തുകൊണ്ടാണ് ആവിഷ്കരിച്ചിട്ടുള്ളത്.

നവോത്ഥാന നായകരുടെ ജീവിതത്തിലൂടെ

ഡോ. ആനന്ദ് ദിലീപ്രാജ്

നവോത്ഥാനം
ഇരുപതാം നൂറ്റാണ്ട്
എൻ രതീന്ദ്രൻ
ലേഖനസമാഹാരം
ബുക്ഫിനിറ്റി പബ്ലിക്കേഷൻ
വില: 200 രൂപ

എൻ രതീന്ദ്രന്റെ ഏറ്റവും പുതിയ ഗ്രന്ഥമാണ് 'നവോത്ഥാനം, ഇരുപതാം നൂറ്റാണ്ട്'. കേരള സമൂഹത്തെ ഇടത് കാഴ്ചപ്പാടിലൂടെ വിശകലനം ചെയ്യുന്ന ലേഖനസമാഹാരം. നവോത്ഥാനം പുതിയ വർത്തമാനം എന്ന ഗ്രന്ഥത്തിന്റെ തുടർച്ചയായ രചനയാണ് 'നവോത്ഥാനം– ഇരുപതാം നൂറ്റാണ്ട്'. ആദ്യകൃതിയിൽ പരാമർശിക്കാത്ത നവോത്ഥാന നായകരെയാണ് ഈ കൃതിയിൽ പരിചയപ്പെടുത്തുന്നത്. സ്ത്രീവിമോചനത്തിന്റെ അഗ്നിസ്ഫുലിംഗം എന്നപേരിൽ ചാന്നാർ സ്ത്രീകൾ നടത്തിയ മാറുമറയ്ക്കൽ സമരത്തിൽ തുടങ്ങി ഡോ. പൽപ്പു: പരിവർത്തനത്തിന്റെ പതാകവാഹകൻ എന്നതുവരെയുള്ള 11 ലേഖനമാണ് ഈ സമാഹാരത്തിലുള്ളത്.

ചരിത്രകാരന്മാർ സാധാരണയായി പരാമർശിച്ച് കാണാത്ത വ്യക്തികളെയും സംഭവങ്ങളെയും ഈ പുസ്തകത്തിൽ പരാമർശിക്കുന്നുണ്ട്. കറുമ്പൻ ദൈവത്താൻ എന്ന ദളിത് വിപ്ലവനേതാവിന്റെ കഥയാണ് അതിലൊന്ന്. നാലായിരത്തോളം പുലയ സമുദായക്കാരുമായി ചെങ്ങന്നൂർ മഹാദേവ ക്ഷേത്രത്തിലേക്ക് ക്ഷേത്രപ്രവേശനത്തിനുവേണ്ടി കറുമ്പൻ ദൈവത്താൻ 1923 സെപ്തംബർ 23നു നടത്തിയ മാർച്ചിന് കേരള ചരിത്രത്തിൽ അർഹിക്കുന്ന പരിഗണന കിട്ടിയിട്ടില്ല. അടിസ്ഥാനവർഗത്തിന്റെ സംഘടിതശേഷിയുടെ മുന്നിൽ ജന്മിത്തം പരാജയപ്പെടുന്ന കാഴ്ച വ്യക്തമായി ചിത്രീകരിക്കാൻ ഗ്രന്ഥകർത്താവിന് കഴിഞ്ഞിട്ടുണ്ട്. മന്നത്ത് പത്മനാഭൻ, ക്ഷേത്രപ്രവേശനത്തിലും കേരളത്തിന്റെ സാമൂഹ്യരംഗത്തും വിദ്യാഭ്യാസമേഖലയിലും നൽകിയ സംഭാവനകൾ വിശദമായി വിവരിക്കുന്നുണ്ട്. അതോടൊപ്പം കേരളത്തിലെ ആദ്യത്തെ കമ്യൂണിസ്റ്റ് സർക്കാരിനെ പുറത്താക്കുന്നതിന് കാരണമായ വിമോചനസമരത്തിന്റെ പ്രതിലോമ ഉൽപ്പന്നമായ ജാതി മതശക്തികളുടെ ഐക്യപ്പെടലിനെപ്പറ്റിയും സൂചിപ്പിക്കുന്നുണ്ട്. ചില ചരിത്രഗ്രന്ഥങ്ങളിൽ കാണുന്ന ഭാഷാപരമായ ജാർഗണുകളോ ക്ലീഷേകളോ ഇല്ലാതെ സാധാരണക്കാർക്ക് മനസ്സിലാകുന്ന ലളിതമായ ഭാഷയിലാണ് ഈ ഗ്രന്ഥം.

ശ്രദ്ധേയമായ ക്രൈം നോവൽ

ഹംസ അറക്കൽ



അവളുടെ
മുഖം മറയ്ക്കൂ
പി ഡി ജയിംസ്
വിവർത്തനം:
സുരേഷ് എം ജി
നോവൽ
ഗ്രീൻ ബുക്സ്
വില: 360 രൂപ

കുടുംബരഹസ്യങ്ങളുടെയും വ്യക്തികൾ തമ്മിലുള്ള സംശയത്തിന്റെയും സങ്കീർണതയിലൂടെയാണ് പി ഡി ജയിംസിന്റെ 'അവളുടെ മുഖം മറയ്ക്കൂ' എന്ന ക്രൈം നോവൽ സഞ്ചരിക്കുന്നത്. ഇംഗ്ലണ്ടിലെ ഒരു ചെറുഗ്രാമത്തിലെ പ്രഭുകുടുംബമായ മാർട്ടിംഗേലിൽ എലീനർ മാക്സി നടത്തിയ അത്താഴവിരുന്നിൽനിന്നാണ് കഥ ആരംഭിക്കുന്നത്. അവിവാഹിതയും നാലുമാസം മാത്രം പ്രായമായ കുഞ്ഞിന്റെ അമ്മയുമായ സാലി ജപ്പാണ് കേന്ദ്ര കഥാപാത്രം. യുദ്ധത്തിൽ അച്ഛനമ്മമാർ കൊല്ലപ്പെട്ട്, അമ്മാവന്റെ സംരക്ഷണയിൽ വളർന്ന സാലി നഗരത്തിലെ പ്രശസ്തമായ പുസ്തകശാലയിൽ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ ഗർഭിണിയാകുന്നു. എന്നാൽ, ആ സ്ഥാപനത്തിൽ പുരുഷന്മാർ ഇല്ലാത്തതുകൊണ്ട് ഗർഭത്തിന്റെ ഉത്തരവാദി ആരെന്ന് അന്വേഷിക്കുന്നില്ല. പെൺകുട്ടികൾ മാത്രമുള്ള ഒരു അഭയകേന്ദ്രത്തിലേക്ക് സുരക്ഷിതമായി മാറ്റിപ്പാർപ്പിക്കപ്പെടുന്ന അവളെ പ്രസവശേഷം മാർട്ടിംഗേലിൽ പരിചാരികയായി നിയമിക്കുന്നതോടെയാണ് അവളുടെ മുഖം മറയ്ക്കപ്പെടുന്നത്. സാലി ജപ്പ് വധിക്കപ്പെട്ടതിനെത്തുടർന്ന് നാടകീയമായ പല സംഭവവും അരങ്ങേറുന്നു. ഇൻസ്പെക്ടർ ആദം ഡെൽഗ്ലീഷും ഡിറ്റക്ടീവ് സർജന്റ് മാർട്ടിനും നടത്തുന്ന സൂക്ഷ്മവും വേഗതയേറിയതുമായ അന്വേഷണം ഫലം കാണുന്നു. സമ്മർദതന്ത്രങ്ങളിൽ സമനില തെറ്റിപ്പോകുന്ന പ്രതി ആദം കുറ്റം ഏറ്റുപറഞ്ഞ് കുമ്പസാരിക്കുന്നതോടെയാണ് നോവലിന് പരിസമാപ്തി. സുരേഷ് എംജിയാണ് മൊഴിമാറ്റം.

മനസ്സിന്റെ പരിചിതരേഖകൾ

ഡോ. സി ഗണേഷ്

ബാരക്ക് കോട്ടേജ്
അനാർക്കലി
നോവൽ
ചിന്ത പബ്ലിഷേഴ്സ്
വില: 180 രൂപ

നാടകീയതയോ ആഖ്യാനപരീക്ഷണമോ ഇല്ലാതെ വളരെ പതിഞ്ഞ മട്ടിൽ കഥ പറയുന്ന ശൈലിയിൽ അനാർക്കലി എഴുതിയ നോവലാണ് 'ബാരക്ക് കോട്ടേജ്. ചുറ്റും മലനിരകളും കോടമഞ്ഞു മുള്ള ഒരു പ്രദേശത്ത് കൊളോണിയൽ പൈതൃകം പേറിനിൽക്കുന്ന ബാരക്ക് കോട്ടേജിൽ ജീവിക്കുന്ന ചിത്രകാരിയും ജീവിതത്തിനായി പോരാടുന്ന ഹൈറേഞ്ച് മേഖലയിലെ സാധാരണ മനുഷ്യരുമാണ് കഥാപാത്രങ്ങൾ. ജീവിതം നിരന്തരം പോരാടാനുള്ളതാണ് എന്ന് ഈ നോവലിലെ കഥാപാത്രങ്ങൾ വിളിച്ചുപറയുന്നു. വരച്ചുകൊണ്ടിരിക്കുന്ന ചിത്രംപോലെ ചിത്രകാരിയുടെ ജീവിതം സങ്കീർണമാണ്. അവരുടെ മരണപ്പെട്ട സഹോദരിയെക്കുറിച്ചുള്ള ഓർമകളും സഹായിയായ മാർത്തയും വായനക്കാരുടെ മനസ്സിൽ ഇടംനേടുന്നു. താഴ്ന്നാരത്തിലെ ജനങ്ങളുടെ അടിസ്ഥാനപ്രശ്നങ്ങൾ മുതൽ കലയുടെ ഏറ്റവുമുയർന്ന സൗന്ദര്യാത്മകതലംവരെ നോവൽ സ്പർശിക്കുന്നു. മനുഷ്യമനസ്സ് എന്നും കാമനകളുടെയും ആഗ്രഹങ്ങളുടെയും ആശകളുടെയും കൂമ്പാരമാണെന്നും അത് ഒത്തിരിക്കാലം തുടരുമെന്നും ഈ നോവൽ പ്രഖ്യാപിക്കുന്നു. മനുഷ്യസ്വത്വത്തിന്റെ സവിശേഷമായ അകക്കാമ്പിനെ കാണിച്ചുതരാനാണ് എഴുത്തുകാരി ശ്രമിക്കുന്നത്.

വിഷമസ്ഥിതികളെ മറികടക്കുന്ന കഥകൾ

ഡോ. മുഞ്ഞിനാട് പത്മകുമാർ



വൃത്തത്തിനുള്ളിൽ
നിൽക്കാത്തവർ
ബി എൻ റോയ്
കഥകൾ
കറന്റ് ബുക്സ്
വില: 130 രൂപ

പ്രത്യക്ഷത്തിൽ ഒരു ബഹളവും സൃഷ്ടിക്കാതെ, അന്തരിന്ദ്രിയങ്ങളിൽ ക്ഷോഭസംഘർഷങ്ങൾ സൃഷ്ടിക്കുന്ന കഥകൾ ഇന്നിന്റെ മാത്രമല്ല, നാളെയുടെയും പ്രതിനിധികളാണ്. ബി എൻ റോയിയുടെ 'വൃത്തത്തിനുള്ളിൽ നിൽക്കാത്തവർ' എന്ന കഥാസമാഹാരത്തിലൂടെ സഞ്ചരിക്കുമ്പോൾ ആദ്യം തോന്നുന്നത് ഇതാണ്. ഈ കഥകൾക്ക് വ്യത്യസ്തമായ രണ്ട് അടരുകളുണ്ട്. ആദിഭാഗത്ത് കഥാകൃത്തിന്റെ ആധുനിക മനസ്സ് വിവരിക്കുന്ന അനുഭവത്തിന്റെ വ്യാപ്തി മണ്ഡലം ഗൗരവതരമായ ചില സാമൂഹ്യ വിഷയങ്ങളിലേക്ക് ശ്രദ്ധതിരിക്കുന്നു. എന്നാലത് ഭ്രമകൽപ്പനകളായി പരിണമിക്കുന്നില്ല. ജീവിതത്തിന്റെ മൂല്യത്തകർച്ചയെ സക്രിയമായ മൂല്യബോധംകൊണ്ട് നവീകരിക്കുകയും അതുവഴി ജീവിതത്തെ സമഗ്രമായിത്തന്നെ വിലയിരുത്തുകയും ചെയ്യുന്നു. മറ്റൊന്ന് കഥയിലെ ഭാഷയാണ്. അതിലാളിത്യത്തിലേക്ക് കടക്കാതെ നവീനമായ അഭിരുചി സൃഷ്ടിക്കുന്നു. ഇത് കഥയുടെ മനോഘടനയിൽത്തന്നെ സംഭവിക്കുന്ന പരിണാമങ്ങളിൽ ഒന്നാണ്. യുക്തിവിചാരകൗശലം ഈ കഥകളിൽ ആഴത്തിൽ വേരോടിക്കിടക്കുന്നു. അനുഭവത്തിന്റെ വിഷമസ്ഥിതികളെ മറികടന്നുകൊണ്ട് കഥയിൽ നവീനമായൊരു ജീവിതപരിസരം സൃഷ്ടിക്കുന്നു. പ്രമേയത്തിന്റെ വിരസതയെ ഒഴിവാക്കാൻ കഥാകൃത്ത് നടത്തുന്ന ഉചിതമായൊരു തീരുമാനംകൂടിയാണ് ഇത്. ഈ അർഥത്തിലെല്ലാം 'വൃത്തത്തിനുള്ളിൽ നിൽക്കാത്തവ'രിലെ കഥകൾ മലയാള കഥാസാഹിത്യത്തിനു ലഭിച്ച മികച്ച അനുഭവങ്ങൾ തന്നെയാണ്.